നം.കെ.എസ്.എ.പി.റ്റി.എ.പി-11-605/2019 തീയതി: 25.07.2019

## പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് നിയമം-വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.09.2018 മുതൽ 19.06.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

സ്ഥാപനത്തിൽനിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| **ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും** | വിജയലക്ഷ്മി.പി.കെ., ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 21.06.2019 - 03.07.2019 |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം** | **ശ്രീ. സി. അനിൽകുമാർ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)**<br>**ശ്രീ.മഹേഷ്കുമാർ.കെ.ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ**<br>**ശ്രീ. അരുൺകുമാർ.എസ്. സീനിയർ ഗ്രേഡ് ഓഡിറ്റർ** |

**നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ജയന്തികുമാരി.എസ് | 01.04.2018-31.03.2019 |
| ചെയർപേഴ്സൺ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി.ബിന്ദു.എസ്.പിള്ള | 01.04.2018-31.03.2019 |
| ചെയർപേഴ്സൺ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി .ജയദേവി വി.പി. | 01.04.2018-31.03.2019 |
| ചെയർപേഴ്സൺ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി .അനുജോർജ്ജ് | 01.04.2018-31.03.2019 |
| ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ എ.കെ.സുരേഷ് | 01.04.2018-31.03.2019 |
| സെക്രട്ടറി | ശ്രീമതി.റ്റി.ആർ.ലീലാമ്മ | 01.04.2018-19.06.2018 |
| | ശ്രീ. എം. റജിമോൻ | 20.06.2018-31.03.2019 |

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1: പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**അനുബന്ധം:**

1.ഓഡിറ്റ് സർട്ടിഫിക്കറ്റ്

2.ബാലൻസ് ഷീറ്റ് - 2018-19

3.ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2018-19

4.റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2018-19

**ഉള്ളടക്കം**


| ക്രമ നം. | ഇനം | ഖണ്ഡിക.നം. |
|---|---|---|
| | **ഭാഗം 1: പൊതു അവലോകനം** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | **ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു | 2-1 |
| 14 | സ്വകാര്യസ്ഥാപനങ്ങളിലെജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-2 |
| 15 | വ്യാപാരസ്ഥാപനങ്ങളുടെലൈസൻസ്ചട്ടപ്രകാരമുള്ള കാലപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല | 2-3 |
| 16 | ക്യാപിറ്റൽഇൻവെസ്റ്റ്മെന്റിന്റെഅടിസ്ഥാനത്തിൽലൈസൻസ് ഫീസ് ഈടാക്കാത്തതിനാൽ വരുമാനത്തിൽ കുറവുണ്ടാകുന്നു | 2-4 |

| | | |
|---|---|---|
| 17 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ് ഈടാക്കുന്നില്ല | 2-5 |
| | **ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 18 | സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വയ്ക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല | 3-1 |
| 19 | പ്രവൃത്തികൾ ഗുണമേൻമ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 3-2 |
| 20 | ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാലതാമസം | 3-3 |
| 21 | വർക്ക് ബില്ലിൽനിന്നും ഈടാക്കിയ ബാരൽ വിലയും ജി.എസ്.ടി.യും സർക്കുലറിന് വിരുദ്ധമായി ട്രഷറി തനത് ഫണ്ട് അക്കൗണ്ടിൽ നിലനിർത്തി | 3-4 |
| 22 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അർഹമായ ധനസഹായം അനുവദിക്കുന്നില്ല | 3-5 |
| 23 | ആശ്രയ പദ്ധതി അക്കൗണ്ടിൽ 35 ലക്ഷം രൂപ അവശേഷിക്കുന്നു | 3-6 |
| 24 | കെ.എം.എസ്.സി.എൽ.-ൽ നിന്നും 4.29 ലക്ഷം രൂപയുടെ മരുന്നും ഉപകരണങ്ങളും ലഭിക്കാൻ അവശേഷിക്കുന്നു | 3-7 |
| | **ഭാഗം 4: പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 25 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നു | 4-3 |
| 28 | വായ്പ തിരിച്ചടവിന്റെ വിവരം | 4-4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

22.02.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 09.01.2019തീയതിയിലെ .1-ാം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം (+/-) |
|---|---|---|---|
| മുന്നിരിപ്പ് | 33289705 | 12209464 | (-)21080241 |
| വരവ് | 166403000 | 90910830 | (-)75492170 |
| ആകെ | 199692705 | 103120294 | (-)96572411 |
| ചെലവ് | 197446000 | 85826091 | (-)11619909 |
| നീക്കിയിരിപ്പ് | 2246705 | 17294203 | (-)15047498 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും, ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള വരവ് ചെലവ് കണക്കുകളും തമ്മിൽ ഗണ്യമായ വ്യത്യാസം ഉണ്ടെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നു. മുൻവർഷത്തെ വരവ് ചെലവ് കണക്കുകളെയും, പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതിയും ആധാരമാക്കിയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ സാമ്പത്തിക നിയന്ത്രണത്തിനുള്ള ഉപാധിയാണ് ബജറ്റ്. ബജറ്റിൽ കാണിച്ചിട്ടുള്ള പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ ശരിയായ സാമ്പത്തിക നിയന്ത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

1994-ലെ കേ.പ.രാ. നിയമം സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പരിഗണിച്ചുകൊണ്ടും ബജറ്റ് തയ്യാറാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 20.06.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17.06.2019 മുതൽ 19.06.2019 വരെ | കെ.എസ്.എ.പി.റ്റി.എ.പി.1/602(42)/19 തീയതി 03.07.2019 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 12209464 |
| വരവ് | 90910830 |
| ആകെ | 103120294 |
| ചെലവ് | 85826091 |
| നീക്കിബാക്കി | 17294203 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11262000 | 11260710 | 11260710 | 1290 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 10103000 | 9688186 | 9688186 | 414814 |
| വികസന ഫണ്ട് (ടി.സി.പി) | 0 | 82000 | 82000 | 82000 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | 0 | 5227000 | 1999996 | 1999996 | 3227004 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 41057000 | 40887773 | 40887773 | 169227 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2780000 | 1676824 | 1676824 | 1103176 |
| ലോകബാങ്ക് സഹായം (കെ.എൽ.എസ്.ജി.ഡി.പി) | 0 | 0 | 0 | 0 | 0 |
| തനത് ഫണ്ട് | 12159430 | 6506909 | 18666339 | 7318556 | 11347783 |
| ട്രഷറി ടി.എസ്.ബി. അക്കൗണ്ട് | -138083 | 7439945 | 7301862 | 5026910 | 2274952 |
| എം.എൻ.ആർ.ജി.എസ് | 2035 | 439549 | 441584 | 436981 | 4603 |
| എസ്.ബി.റ്റി. സെൻട്രൽ ഷെയർ | 1063977 | 736306 | 1800283 | 854959 | 945324 |
| എസ്.ബി.റ്റി. ലൈബ്രറി ഗ്രാന്റ് | 643 | 24318 | 24961 | 0 | 24961 |
| എസ്.ബി.റ്റി. സാക്ഷരത | 635 | 6 | 641 | 0 | 641 |
| എസ്.ബി.ഐ.-ഇ-പേയ്മെന്റ് | 48545 | 263616 | 312161 | 202465 | 109696 |
| ട്രഷറി ടി.എസ്.ബി. ജോയ്ന്റ് വെഞ്ചർ | -1578558 | 6504687 | 4926129 | 4577970 | 348159 |
| ക്യാഷ് ബാലൻസ് | 96517 | 84423 | 180940 | 96517 | 84423 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 234 | 111794571 | 166 | 71458361 | -- | 71 | 71 |

# 1-7 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ വരവു ചെലവു വിവരം ചുവടെചേർക്കുന്നു.

| *ഇനം* | *മുന്നിരിപ്പ്* | *വരവ്* | *ആകെ* | *ചെലവ്* | *നീക്കിയിരിപ്പ്* |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2034.50 | 302685.50 | 304720 | 300117 | 4603 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 19163555 | 19163555 | 19163555 | 0 |
| 100 തൊഴിൽദിനം പൂർത്തിയാക്കിയവർക്ക് നൽകിയ ബോണസ് തുക | 0 | 42000 | 42000 | 42000 | 0 |

# 1-8 സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 58 | 112560 |
| കർഷകതൊഴിലാളി പെൻഷൻ | 461 | 5645700 |
| വിധവാപെൻഷൻ | 855 | 10344200 |
| വാർദ്ധക്യകാലപെൻഷൻ | 1666 | 14273800 |
| വികലാംഗപെൻഷൻ | 272 | 3260000 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 42 | 490300 |
| വിധവകളുടെ പെൺമക്കൾക്കുള്ള സഹായം | 1 | 30000 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.06.2019 10.15 AM-ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ്

തുകയായ 3031 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണം തൃപ്തികരമാണ്. ഫയലുകളും വൗച്ചറുകളും ചിട്ടയായി പരിപാലിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സേവനങ്ങൾ മികച്ചതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 28.05.2019-29.05.2019 | 02/19-04/19 | 29.05.2019 |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 23.08.2011-29.08.2011 | 2008-09 മുതൽ 2010-11 വരെ | 23.01.2012 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1. ഷെഡ്യൂൾ ബി-4- (Literacy Scheme Grant)- ൽ 22614 രൂപ നീക്കിബാക്കി കാണിച്ചിട്ടുണ്ട്. എന്നാൽ സാക്ഷരതാ പ്രേരകിന് മുൻവർഷങ്ങളിൽ ഓണറേറിയം ഇനത്തിൽ തുകകളൊന്നും കൊടുക്കുവാൻ ബാക്കിയില്ല. ബാക്കിനിൽക്കുന്ന തുക ജില്ലാ ലിറ്ററസി മിഷനിൽ നിന്നും ലഭിച്ച തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാൻ വിട്ടുപോയതാണോയെന്ന് പരിശോധിക്കുക

2. ഷെഡ്യൂൾ ബി-4- (Grants, Contributions for Specific purposes)- എന്ന ഹെഡിൽ നൽകിയിട്ടുള്ള നീക്കിബാക്കി 537450 രൂപ ആശ്രയ പദ്ധതിക്കായി വന്ന തുകയാണ്. ആയത് കുടുംബശ്രീ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടില്ല

3. ഷെഡ്യൂൾ ബി-3- വിവിധ ഫണ്ടുകളിൽ നിന്നും ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവഴിച്ച തുക ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടില്ല. പകരം റവന്യൂ ചെലവായി കാണിച്ചിരിക്കുകയാണ്.

4. ഷെഡ്യൂൾ ഐ-1- വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല

5. ഷെഡ്യൂൾ ബി-9-(Other Liabilities-Pension Contribution Payable)- AFS പ്രകാരമുള്ള തുക 2019 ഏപ്രിൽ മാസത്തെ ബിൽ പ്രകാരം ഒടുക്കിയിട്ടുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുകയുമായി വ്യത്യാസമുണ്ട്.

6. ഷെഡ്യൂൾ ബി-9- ൽ നൽകിയിട്ടുള്ള D&O Licence Fee, Profession Tax എന്നീ ഇനങ്ങളിലുള്ള അഡ്വാൻസ് കളക്ഷൻ തുക അനുബന്ധ രജിസ്റ്ററുകളുമായി ഒത്തുനോക്കിയതിൽ വ്യത്യസമുണ്ട്.

7. ഷെഡ്യൂൾ ബി-11- ഫിക്സഡ് അസറ്റ്സ്(ബിൽഡിംഗ് അദേഴ്സ്)-ന്റെ മൂല്യം കൃത്യമായല്ല കണക്കാക്കിയിട്ടുള്ളത്

8. ആർ.പി.-7 (Revenue Grants, Funds, Contributions& compensations) എന്ന ഹെഡിൽ നൽകിയിട്ടുള്ള 189600 രൂപ കൃത്യമല്ല. ടി തുകയിൽ 128700 രൂപ തൊഴിൽ നികുതി ഇനത്തിലുള്ള വരവും 35000 രൂപ വസ്തി നികുതി ഇനത്തിലുള്ള വരവുമാണ്.

9. ആർ.പി.-7, ആർ.പി.-19- ഷെഡ്യൂളുകളിൽ നൽകിയിട്ടുള്ള ബി-ഫണ്ട് (State Sponsored Scheme Unemployment Allowance) വരവ് ചെലവ് തുകകൾ കൃത്യമല്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള 9 മൊബൈൽ ടവറുകളിൽ 3 എണ്ണത്തിന്റെ വസ്തുനികുതി 2018-19 വരെ ഈടാക്കിയിട്ടുണ്ട്. 6 എണ്ണത്തിന്റെ നികുതി ഈടാക്കാൻ അവശേഷിക്കുന്നു. നികുതി ഈടാക്കാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/ കെട്ടിട നം | ടവറിന്റെ/സ്ഥലം ഉടമയുടെ വിവരം | പ്ലിന്ത് ഏരിയ (ച.മീ.) | നിർണ്ണയിച്ചിട്ടുള്ള നികുതി | | | | കുടിശിക കാലയളവ് |
|---|---|---|---|---|---|---|---|---|
| | | | | വസ്തു നികുതി | ഗ്രന്ഥശാല വരി | സേവന നികുതി | ആകെ | |
| 1 | 3/405 | ഇൻഡസ് ടവർ | 23 | 13800 | 690 | 1380 | 15870 | 2016-17 – 2018-19 |
| 2 | 7/689 | ബി.എസ്.എൻ.എൽ. | 7 | 4200 | 210 | 420 | 4830 | 2013-14 – 2018-19 |
| 3 | 8/623 | റിലയൻസ് ടെലിക്കമ്മ്യൂണിക്കേഷൻ | 12 | 5400 | 270 | 540 | 6210 | 2018-19 |
| 4 | 10/404 | ബി.എസ്.എൻ.എൽ. | 7 | 3150 | 158 | 315 | 3623 | 2013-14 – 2018-19 |
| 5 | 13/440 | ഭാരതി എയർടെൽ | 12 | 6000 | 300 | 600 | 6900 | 2013-14 – 2018-19 |
| 6 | 13/489 | ബി.എസ്.എൻ.എൽ. | 7 | 3150 | 158 | 315 | 3623 | 2013-14 – 2018-19 |

നികുതി കുടിശിക പിരിച്ചെടുക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനുള്ള അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. അപേക്ഷകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ വിവരം | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 14/473 | മൗണ്ട് സീനായ് മെഡിക്കൽ ക്ലിനിക്ക് | 12 |
| 2 | 8/584 | മരിയൻ ഇൻഡസ്ട്രീസ് | 8 |
| 3 | 14/279 | കൃഷ്ണാ മെറ്റൽ ഇൻഡസ്ട്രീസ് | |

കേരള പഞ്ചായത്ത് രാജ് നിയമം, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ച നടപടിക്രമങ്ങൾ പാലിച്ച് തൊഴിൽ നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് - ചട്ടപ്രകാരമുള്ള കാലപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല

തൻവർഷം ലൈസൻസ് എടുത്ത 196 സ്ഥാപനങ്ങളിൽ 11 എണ്ണത്തോളം മാത്രമാണ് ഫെബ്രുവരി 28 ന് മുമ്പായി ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്.

# 2-4 ക്യാപിറ്റൽ അസസ്മെന്റിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കാത്തതിനാൽ വരുമാനത്തിൽ കുറവുണ്ടാകുന്നു

ഗ്രാമപഞ്ചായത്തിൽ ലൈസൻസിന് അപേക്ഷിച്ച പല സ്ഥാപനങ്ങളിൽ നിന്നും മുൻവർഷം ഈടാക്കിയ തുക തന്നെയാണ് ഫീസായി ഈടാക്കുന്നത്. ലൈസൻസ് ഫീസ് കുറവായി ഈടാക്കുന്നതിനും തന്മൂലം തനതുവരുമാനം കുറയുന്നതിനും സാധ്യതയുണ്ട്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 7-ൽ ഏതൊരു ലൈസൻസിനും II- ാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. പട്ടിക II-ൽ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ചുമത്താവുന്ന പരമാവധി ഫീസ് പറഞ്ഞിട്ടുണ്ട്. ആയതിന്റെയടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

# 2-5 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി നിയമം അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പ്രവൃത്തിമൂല്യത്തിന്റെ ഒരു ശതമാനം തുക നിർമ്മാണ തൊഴിലാളി ക്ഷേമ നിധി ഫണ്ട് ആയി ഈടാക്കേണ്ടതാണ്. പ്രസ്തുത നിയമത്തിലെ സെക്ഷൻ 3(3) അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കുന്ന ക്ഷേമ നിധി ഫണ്ടിന്റെ ഒരു ശതമാനം തുക കളക്ഷൻ ചാർജ് ഇനത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ബാക്കിയുള്ള 99 % തുക മാത്രം ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തുകയും ചെയ്യേണ്ടതാണ്. അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പന്തളം തെക്കേക്കര ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പിടിച്ച ക്ഷേമ നിധി വിഹിതത്തിന് കളക്ഷൻ ചാർജ് ഈടാക്കാതെയാണ് ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുള്ളത്. തൻവർഷം 488842/- രൂപ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ട് ഇനത്തിൽ മരാമത്ത് പ്രവർത്തികളുടെ ബില്ലിൽ നിന്നും പിടിച്ച് ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന് അസി.എഞ്ചിനിയർ അറിയിച്ചു. പ്രസ്തുത തുകയുടെ ഒരു ശതമാനമായ 4888/- രൂപ കളക്ഷൻ ചാർജായി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാമായിരുന്നു. കളക്ഷൻ ചാർജ് ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/25-06-19) ലഭ്യമാക്കിയ മറുപടിയിൽ കളക്ഷൻ ചാർജ് ഈടാക്കണമെന്ന് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഒന്നും നാളിതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ തുക ഈടാക്കിയിട്ടില്ലായെന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഈടാക്കുന്നതാണെന്നും അസി.എഞ്ചിനിയർ അറിയിച്ചു. ക്ഷേമനിധി ഫണ്ടിൽ നിന്നും കളക്ഷൻ ചാർജ് ഈടാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സമയ പരിധിക്കുള്ളിൽ എഗ്രിമെന്റ് വയ്ക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം കരാറുകാർ മുഖേന നടപ്പാക്കിയ ഏതാനം മരാമത്ത് പ്രവൃത്തികൾക്ക് നിശ്ചിത സമയ പരിധിയ്ക്കകം എഗ്രിമെന്റ് വെച്ചിട്ടില്ല. യഥാസമയം കരാറിലേർപ്പെടാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കിയിട്ടില്ല.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000/- രൂപയും മാക്സിമം 25000/- രൂപയും) കരാറുടമ്പടി വയ്ക്കാവുന്നതാണ്.

ടെണ്ടർ അംഗീകരിച്ച കരാറുകാർക്ക് നൽകിയ സെലക്ഷൻ നോട്ടീസിൽ മേൽക്കാര്യങ്ങൾ വ്യക്തമാക്കിയിരുന്നുവെങ്കിലും സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ കരാർ ചമയ്ക്കാതിരുന്ന ഏതാനം കരാറുകാർ തുടർന്നുള്ള 10 ദിവസത്തിനകം കരാർ ചമച്ചപ്പോൾ കരാർ തുകയുടെ 1% തുക പിഴ ഒടുക്കിയിരുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് , കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | കരാർ ചമച്ച തീയതി | ഫൈനൽ ബിൽ തുക ബിൽ നം./ തീയതി | ഈടാക്കേണ്ടിയിരുന്ന ഫൈൻ |
|---|---|---|---|---|---|
| 1 | വേലൻ പറമ്പിൽ കൊന്നവിള റോഡ് പുനരുദ്ധാരണം (71/19)<br>കരാറുകാരൻ : ജയപ്രകാശ്.ആർ<br>PAC തുക: 308704 | 18-07-18 | 10-10-18 | 69/18--19/<br>22-12-18<br>308704/- | 3087 |
| 2 | സൊസൈറ്റിപ്പടി ഒരിപ്പുറം റോഡ് പുനരുദ്ധാരണം(76/19)<br>കരാറുകാരൻ : അനൂപ്.ജി<br>PAC തുക: 349889 | 18-07-18 | 06-08-18 | 41/18-19/<br>14-11-18<br>തുക 344035/- | 3499 |
| 3 | മിനികോട്ടേജ് പള്ളി വയൽ റോഡ് പുനരുദ്ധാരണം(72/19)<br>കരാറുകാരി : കൃഷ്ണ കുമാരി<br>PAC തുക: 149342 | 18-07-18 | 30-08-18 | 57/18-19/05-12-18<br>തുക 140096/- | 1493 |
| 4 | ദീപു ഭവനം ആഞ്ഞിലിവിള കുട്ടത്തിൽപ്പടി റോഡ് പുനരുദ്ധാരണം(70/19) | 18-07-18 | 13-08-18 | 85/18-19/<br>19-03-19 | 2092 |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ : സുരേഷ് കുമാർ.ആർ<br><br>PAC തുക: 209193 | | | തുക 209193/- | |
| 5 | SKVUPS നെല്ലിമുകൾപ്പടി റോഡ് പുനരുദ്ധാരണം(88/19)<br><br>കരാറുകാരി : ശശികല<br><br>PAC തുക: 399303 | 18-07-18 | 13-08-18 | 66/18-19/<br>22-12-18<br>തുക 395235/- | 3993 |
| 6 | ശ്രീനിവാസ് പടി തറയുടെ തെക്കേതിൽപ്പടി റോഡ് പുനരുദ്ധാരണം (69/19)<br><br>കരാറുകാരൻ : അനൂപ്.ജി<br><br>PAC തുക: 209200 | 18-07-18 | 06-08-18 | 38/18-19/14-11-18<br>തുക 192839/- | 2092 |
| 7 | ചരുവിളപ്പടി മലയുടെ തെക്കേതിൽപ്പടി ടാറിംഗ് പുനരുദ്ധാരണം (68/18, 177/19)<br><br>കരാറുകാരൻ : ബി.ബാലചന്ദ്രൻ നായർ<br><br>PAC തുക: 1124543 | 18-09-17 | 13-10-17 | 50/18-19/<br>17-11-18<br>തുക 944674/- | 11245 |
| 8 | വട്ടപ്പറമ്പിൽ പടി പന്നിക്കുഴിവിളപ്പടി റോഡ്പുനരുദ്ധാരണം (57/19)<br><br>കരാറുകാരൻ : സുനിൽ മാത്യു<br><br>PAC തുക: 299005 | 18-07-18 | 09-08-18 | 61/18-19/05-12-18<br>തുക 291887/- | 2990 |
| 9 | കിഴക്കേക്കര പടി ഉടയാൻ മുരുപ്പ് റോഡ്പുനരുദ്ധാരണം(60/19)<br><br>കരാറുകാരൻ : പി.കെ.മുരളീധരകുറുപ്പ്<br><br>PAC തുക: 299546 | 18-07-18 | 29-08-18 | 63/18-19/<br>22-12-18<br>തുക 299546/- | 2995 |
| 10 | താംരവേലിപ്പടി ചൂളപ്പടി റോഡ് പുനരുദ്ധാരണം(94/19)<br><br>കരാറുകാരൻ : സുനിൽ മാത്യു<br><br>PAC തുക: 399909 | 18-07-18 | 09-08-18 | 60/18-19/<br>05-12-18<br>തുക 399510/- | 3999 |
| 11 | വളത്ത്കാട് അമ്പാടിപ്പടി റോഡ് പുനരുദ്ധാരണം (82/19) | 18-07-18 | 09-08-18 | 80/18-19/16-03-19 | 2497 |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ : പി.കെ.ലത<br>PAC തുക: 249166 | | | തുക<br>236272/- | |
| 12 | വൃന്ദാവനം തൈതോണ്ടലിൽപ്പടി റോഡ് പുനരുദ്ധാരണം(59/19)<br>കരാറുകാരൻ : K.K.ഗോപാലകൃഷ്ണ കുറുപ്പ്<br>PAC തുക: 99520 | 18-07-18 | 30-08-18 | 62/18-19/22-12-18<br>തുക<br>99520/- | 1000 |
| 13 | മീനത്തെക്കറ്റി മഞ്ജിത് ഭവനം റോഡ് പുനരുദ്ധാരണം(189/19)<br>കരാറുകാരൻ : സുമസജി<br>PAC തുക: 699828 | 09-10-17 | 30-10-17 | 43/18-19/14-11-18<br>തുക<br>517686/- | 6998 |
| 14 | പ്ലാന്തടം കണ്ണംകുന്ന് കോളനി റോഡ് പുനരുദ്ധാരണം(107/18)<br>കരാറുകാരൻ : കെ.എസ്.പുരുഷോത്തമൻ<br>PAC തുക: 1399281 | 18-07-18 | 08-08-18 | 71/18-19/<br>16-01-19<br>തുക<br>990065 | 13993 |
| 15 | പാലവിളചന്ത പുലിയം മഠം പോളിടെക്ക്നിക്ക് റോഡ് റീടാറിംഗ്(46/19)<br>കരാറുകാരൻ : അനൂപ്.ജി<br>PAC തുക: 899930 | 18-07-18 | 06-08-18 | 94/18-19/<br>20-03-19<br>തുക<br>830209 | 8999 |
| 16 | ആനന്ദപ്പള്ളി ചെന്നായ്ക്കുന്ന് റോഡ് റീടാറിംഗ്ഗ്(61/19)<br>കരാറുകാരൻ : അനൂപ്.ജി<br>PAC തുക: 924700 | 18-07-18 | 06-08-18 | 95/18-19/20-03-19<br>തുക<br>826780/- | 9247 |
| 17 | പുതുപുരയ്ക്കൽ പടി ആഴാന്ത മുരുപ്പേൽ പടി റോഡ് പുനരുദ്ധാരണം(222/18, 200/19)<br>കരാറുകാരൻ : ജയകുമാർ,റ്റി<br>PAC തുക: 199131 | 12-01-18 | 06-02-18 | 35/18-19/20-08-18<br>തുക<br>194989/- | 1991 |
| 18 | കണിച്ചേരിപ്പടി ഏലാ റോഡ് പുനരുദ്ധാരണം(218/18)<br>കരാറുകാരൻ : ജയകുമാർ,റ്റി<br>PAC തുക: 249348 | 12-01-18 | 06-02-18 | 34/18-19/20-08-18<br>തുക<br>209626/- | 2493 |

| | | | | | |
|---|---|---|---|---|---|
| 19 | പുല്ലംവേലിപ്പടി ഏലാ റോഡ് പുനരുദ്ധാരണം(217/18)<br>കരാറുകാരൻ : ജയകുമാർ,റ്റി<br>PAC തുക: 199889 | 15-01-17 | 06-02-18 | 36/18-19/20-08-18<br>തുക 195021/- | 1999 |
| 20 | വാലുവിള തെക്കേതിൽ റോഡ് പുനരുദ്ധാരണം(194/19)<br>കരാറുകാരൻ : ജയകുമാർ,റ്റി<br>PAC തുക: 199131 | 12-01-18 | 06-02-18 | 33/18-19/20-08-18<br>തുക 189048/- | 1991 |
| 21 | പാറക്കര മിനി സ്റ്റേഡിയം ചുറ്റമതിൽ നിർമ്മാണം & പുനരുദ്ധാരണം(119/18)<br>കരാറുകാരൻ : ജയകുമാർ,റ്റി<br>PAC തുക: 595362 | 12-01-18 | 06-02-18 | 99/18-19/20-03-19<br>തുക 500800/- | 5954 |
| 22 | പെരുമ്പ്രാൽ വടക്കേതിൽ പടി വലിയത്ത് പടി റോഡ് 2ാം ഘട്ടം(152/18)<br>കരാറുകാരൻ : ജയകുമാർ,റ്റി<br>PAC തുക: 506385 | 18-07-18 | 31-12-18 | /18-19/20-03-19<br>തുക 443348/- | 5064 |
| 23 | ആനക്കുഴിപ്പടി വിളവിനാൽപ്പടി റോഡ് -കുറ്റിയിൽപ്പടി റോഡ് വാട്ടർ ടാങ്ക് റോട് പുനരുദ്ധാരണം<br>കരാറുകാരൻ : കൃഷ്ണ കുമാരി<br>PAC തുക: 1799607 | 23-10-17 | 17-11-17 | 70/18-19/16-01-19<br>തുക 1675653/- | 17996 |
| 24 | അശ്വതി ഭവനം കണ്ണേത്ത് പടി ഏലാ റോഡ് പുനരുദ്ധാരണം(155/19)<br>കരാറുകാരൻ : പി.കെ.മുരളീധരകുറുപ്പ്<br>PAC തുക: 299132 | 18-07-18 | 29-08-18 | 53/18-19/24-11-18<br>തുക 299132/- | 2991 |
| 25 | NSS H.S തച്ചക്കോട്ട് ഏലാ റോഡ് സംരക്ഷണം(74/18, 178/19)<br>കരാറുകാരി : പി.കെ.ലത<br>PAC തുക: 399766 | 18-08-17 | 23-09-17 | 67/18-19/22-12-18<br>തുക 375520/- | 3998 |
| 26 | സർപ്പത്തിൽ പടി മാവിളപ്പടി റോഡ് പാർശ്വ ഭിത്തി നിർമ്മാണം(145/19) | 18-07-18 | 06-08-18 | 42/18-19/14-11-18 | 3999 |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ : അന്നൂപ്.ജി<br>PAC തുക: 399888 | | | തുക<br>399482/- | |
| 27 | കുരുമ്പോലിൽ ഏലാ റോഡ് പുനരുദ്ധാരണം(140/19)<br>കരാറുകാരൻ : കൃഷ്ണകുമാരി<br>PAC തുക: 199676 | 18-07-18 | 30-08-18 | 75/18-19/17-01-19<br>തുക<br>93968/- | 1997 |
| 28 | ബാബു ഭവനം ഏലാ റോഡ് പുനരുദ്ധാരണം(81/19)<br>കരാറുകാരൻ : ജയകുമാർ.റ്റി<br>PAC തുക: 299507 | 18-07-18 | 04-09-18 | 97/18-19/20-03-19<br>തുക<br>299507/- | 2995 |
| 29 | സൊസൈറ്റപ്പടി അരയകൊടിക്കൽ ഏലാ റോഡ് പുനരുദ്ധാരണം(105/19)<br>കരാറുകാരൻ : ജയകുമാർ.റ്റി<br>PAC തുക: 599371 | 18-07-18 | 04-09-18 | 98/18-19/20-03-19<br>തുക<br>491530/- | 5994 |
| 30 | പെരുമ്പ്രാൽ വടക്കേതിൽ വല്ല്യയ്യത്ത് പടി പുനരുദ്ധാരണം.(197/19)<br>കരാറുകാരൻ : ജയകുമാർ.റ്റി<br>PAC തുക: 199510 | 12-01-18 | 06-02-18 | 102/18-19/20-03-19<br>തുക<br>198175/- | 1995 |
| 31 | മുണ്ടയ്ക്കൽ കിഴക്കേതിൽ ജയലയം റോഡ് പുനരുദ്ധാരണം(77/19)<br>കരാറുകാരൻ : ജയകുമാർ.റ്റി<br>PAC തുക: 339690 | 18-07-18 | 04-09-18 | 100/18-19/20-03-19<br>തുക<br>339690/- | 3397 |
| 32 | മോടിയിൽപ്പടി വെട്ടിയത്ത് പടി റോഡ് പുനരുദ്ധാരണം(79/19)<br>കരാറുകാരൻ : പി.കെ.ലത<br>PAC തുക: 249670 | 18-07-18 | 04-08-18 | 105/18-19/20-03-19<br>തുക<br>236642/- | 2497 |
| 33 | കളീയ്ക്കൽ പടി പൗവ്വത്ത് മല റോഡ് പുനരുദ്ധാരണം(149/19)<br>കരാറുകാരൻ: സുരേഷ് കുമാർ<br>PAC തുക: 596585 | 18-07-18 | 13-08-18 | 86/18-19/02-03-19<br>തുക<br>509103/- | 5966 |
| 34 | കൊല്ലന്റയ്യത്ത് പടി | 18-07-18 | 04-08- | 73/18- | 4548 |

| | | | | | |
|---|---|---|---|---|---|
| | കൊച്ചുവീട്ടിൽപ്പടി റോഡ് പുനരുദ്ധാരണം(138/19)<br>കരാറുകാരൻ :കെ.ആർ. അനിൽകുമാർ<br>PAC തുക: 454848 | | 18 | 19/17-01-19<br>തുക 454848/- | |
| 35 | മുട്ടത്ത് പടി ദേവരുക്ഷേത്രം റോഡ് പുനരുദ്ധാരണം(153/19)<br>കരാറുകാരൻ :പി.കെ.ലത<br>PAC തുക: 298322 | 18-07-18 | 03-08-18 | 79/18-19/16-03-19<br>തുക 298322/- | 2983 |
| 36 | നാലുതുണ്ടിൽ പടി പുന്തലയ്യത്ത് ഏലാറോഡ് പുനരുദ്ധാരണം(193/19)<br>കരാറുകാരൻ :കൃഷ്ണകുമാരി<br>PAC തുക: 428804 | 12-01-18 | 19-02-18 | 76/18-19/16-03-19<br>തുക 399683/ | 4288 |
| 37 | ചരുവിളപ്പടി പെരിങ്ങലപ്പുറത്ത് പടി ഏലാ റോഡ് പുനരുദ്ധാരണം(93/19)<br>കരാറുകാരൻ :ശശികല<br>PAC തുക: 279550 | 18-07-18 | 13-08-18 | 87/18-19/19-03-19<br>തുക 279550/- | 2796 |
| 38 | മരോട്ടിവിളപ്പടി കോരോത്ത് പടി റോഡ് പുനരുദ്ധാരണം(78/19)<br>കരാറുകാരൻ :പി,കെ,ലത<br>PAC തുക: 399627 | 18-07-18 | 03-08-18 | 88/18-19/20-03-19<br>തുക 399627/- | 3996 |
| 39 | കുഴിയത്ത് പടി വെട്ടിക്കാട്ട് മുരുപ്പേൽപടി നടുവിലേത്ത് പടി റോഡ് പുനരുദ്ധാരണം(104/19)<br>കരാറുകാരൻ :കെ.എസ്.പുരുഷോത്തമൻ<br>PAC തുക: 1299675 | 18-07-18 | 08-08-18 | 90/18-19/20-03-19<br>തുക 1167486/- | 12997 |
| 40 | കരുർ തെക്കേടത്ത് പടി റോഡ് പുനരുദ്ധാരണം(103/19)<br>കരാറുകാരൻ : അനൂപ്.ജി<br>PAC തുക: 799732 | 18-07-18 | 06-08-18 | 84/18-19/19-03-19<br>തുക 701561/- | 7997 |
| 41 | പട്ടോട്ടിൽപടി ഹരിതഭവനം | 18-09-17 | 09-10- | 06/18- | 14922 |

| | | | | | |
|---|---|---|---|---|---|
| | ഏലാ റോഡ് പുനരുദ്ധാരണം(87/18, 182/19)<br>കരാറുകാരൻ : സുനിൽമാത്യു<br>PAC തുക: 1492200 | | 17 | 19/16-05-18<br>തുക 1112508/- | |
| 42 | കൃഷ്ണ ഭവനം ഏലാ റോഡ് പുനരുദ്ധാരണം(94/18)<br>കരാറുകാരൻ : സുമസജി<br>PAC തുക: 499743 | 18-09-17 | 30-10-17 | 26/18-19/09-07-18<br>തുക 421913/- | 4997 |
| | ആകെ | | | | 213060/- |

പിഴ ചുമത്താതെ ടി കരാറുകാരെക്കൊണ്ട് എഗ്രിമെന്റ് വയ്പ്പിച്ചത് മൂലം ഗ്രാമ പഞ്ചായത്തിന് പിഴ ഇനത്തിൽ ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/03-07-19)ലഭ്യമാക്കിയ മറുപടിയിൽ 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലുണ്ടായ ശക്തമായ പേമാരിയും വെള്ളപ്പൊക്കവും മൂലം കരാർ വയ്ക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളതായും പ്രസ്തുത കാലതാമസം അനുഭാവപൂർവ്വം പരിഗണിക്കേണ്ടതാണെന്നും അല്ലാതുള്ളവ പരിശോധിച്ച് പിഴ ഒടുക്ക് വരുത്തി റിപ്പോർട്ട് ചെയ്യുന്നതാണെന്നും അസി.എഞ്ചിനിയർ അറിയിച്ചു. തുടർ നടപടികൾ സ്വീകരിച്ച് പിഴ ഒടുക്ക് വരുത്താത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടം ഈടാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-2 പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ.എസ്.ജി.ഡി വിഭാഗം മുഖേന നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്നത് പ്രവൃത്തിയുടെ നിർവ്വഹണത്തിലെ ഗുരുതരമായ ഒരു പോരായ്മയാണ്. കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ - 2103 പ്രകാരം ഓരോ പ്രവൃത്തിയും കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിന് ഫലപ്രദമായ സൂപ്പർവിഷൻ നിർബന്ധമാക്കേണ്ടതും, പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കേണ്ടതുമാണ്. ഗുണ പരിശോധനാ ടെസ്റ്റുകളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ രേഖകളോടൊപ്പം ഉൾപ്പെടുത്തേണ്ടതും, ടെസ്റ്റ് റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണെന്ന് മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്നു. മാന്വലിലെ ക്ലോസ് - 2401. 2406 എന്നിവ പ്രകാരം 3 – Tier Quality Monitoring System സർക്കാർ പൊതുമരാമത്ത് വകുപ്പിൽ നിർബന്ധമാക്കിയിട്ടുണ്ട്. GO(Rt) 469/2013/PWD/ തീയതി 30-03-2013-ാം നമ്പർ ഉത്തരവ് പ്രകാരം പി.ഡബ്ല്യൂ.ഡി.യിൽ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. എൽ.എസ്.ജി.ഡി മുഖേനയുള്ള പ്രവൃത്തികൾക്കും ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്തേണ്ടതാണെന്ന് സർക്കാരിന്റെ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെയും മാന്വലിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ലാബ് ടെസ്റ്റുകൾ മറ്റ് പരിശോധനകൾ എന്നിവയ്ക്കാവശ്യമായ ചെലവുകൾ കരാറുകാർ തന്നെ വഹിക്കേണ്ടതാണെന്ന് ഇ-പ്രോക്യവർമെന്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല. തൻ വർഷം നടപ്പാക്കിയ ഒരു പ്രവൃത്തിയുടെ ഫയലിലിലും പരിശോധന നടത്തിയതിന്റെ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധനയ്ക്ക് പ്രത്യേകം ലാബ് സൗകര്യങ്ങളും ഉപകരണങ്ങളും പ്രവർത്തന സജ്ജമായിട്ടും എൽ.എസ്.ജി.ഡി വിഭാഗം ഈ വിഷയത്തിൽ യാതൊരു താത്പര്യവും കാണിക്കുന്നില്ല. പരിശോധനയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ ജില്ലാ പഞ്ചായത്തിൽ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രവർത്തന സജ്ജമാക്കിയിട്ടില്ലെന്നുള്ള കാര്യവും വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിന്മേൽ ചർച്ച നടത്തി വേണ്ട നിർദ്ദേശങ്ങൾ ഭരണ സമിതിക്ക് മുമ്പാകെ സമർപ്പിച്ചിട്ടില്ലായെന്നതും ശ്രദ്ധേയമാണ്. MORTH, MORD മുതലായ സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ള ഉയർന്ന നിരക്കുകൾ മരാമത്ത്

പ്രവൃത്തികൾക്ക് അനുവദിക്കുമ്പോൾ സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതു പ്രകാരമുള്ള നിർമ്മാണ സാമഗ്രികൾ ജില്ലയിൽ ലഭ്യമല്ലാത്ത സാഹചര്യത്തിലും (പ്രത്യേകിച്ചും നിശ്ചിത അനുപാതത്തിലും അളവിലുമുള്ള മെറ്റൽ) ഇത്തരം സാധനങ്ങൾ ഉപയോഗിച്ചുവെന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി ഉയർന്ന നിരക്കിൽ പ്രതിഫലം കൈപ്പറ്റുന്നതായി വ്യക്തമാണ്. പൊതുപണം ദുർവ്യയം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗുണ നിലവാര പരിശോധന കർശനമായി നടത്തേണ്ടതുണ്ട്. തദ്ദേശ സ്ഥാപനത്തിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

# 3-3 ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാല താമസം

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീസ് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

28-09-2013 ലെ ജി.ഒ.(എം.എസ് ) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-2017 ലെ സ.ഉ (സാധാ) നമ്പർ . 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പന്തളം തെക്കേക്കര ഗ്രാമ പഞ്ചായത്തിൽ നാളിതുവരെ അക്കൗണ്ട് തുടങ്ങിയിട്ടില്ല. 2018-19 വർഷവും മുൻ വർഷങ്ങളിൽ ചെയ്തതുപോലെ ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിലേക്കാണ് ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. അസി.എഞ്ചിനിയർ ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ 2016-17മുതൽ 2018-19 വരെ എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത ടെണ്ടർഫീസിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്റ്റുകളുടെ എണ്ണം | ഒടുക്കിയ ടെണ്ടർഫീ | ജി.എസ്.ടി | തിരികെ ലഭിച്ച തുക | ബാലൻസ് |
|---|---|---|---|---|---|
| 2016-17 & 2017-18 | 79 | 230620 | - | 0 | 230620 |
| 2018-19 | 31 | 141508 | 17000 | 0 | 158508 |
| ആകെ | 110 | 372128 | 17000 | 0 | 389128 |

2016-17 മുതൽ 2018-19 വരെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീസ് നാളിതുവരെ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. കൂടാതെ ജി.എസ്.ടി ഇനത്തിൽ ഒടുക്കിയ തുകയും തിരികെ വാങ്ങി സർക്കാർ ഫണ്ടിലേക്ക് ഒടുക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (06/25-06-19) മറുപടിയായി ഇ-ടെണ്ടർ ഫീ സംബന്ധിച്ച്

വർഷം തിരിച്ചുള്ള കണക്ക് അസി. എഞ്ചിനിയർ ലഭ്യമാക്കി. ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീസ് യഥാസമയം ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് വരാത്തതു മൂലം പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. തുക ലഭ്യമാക്കുന്ന മുറയ്ക്ക് വിവരം റിപ്പോർട്ട് ചെയ്യുകയും ജി.എസ്.ടി, ചരക്ക് സേവന നികുതി വകുപ്പിലേക്ക് ഒടുക്ക് വരുത്തുകയും ചെയ്യേണ്ടതാണ്.

# 3-4 വർക്ക് ബില്ലിൽ നിന്നും ഈടാക്കിയ ബാരൽ വിലയും ജി.എസ്.ടിയും സർക്കുലറിന് വിരുദ്ധമായി ട്രഷറി തനത് ഫണ്ട് അക്കൗണ്ടിൽ നില നിർത്തി

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം നടപ്പാക്കിയ ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ആയതിന്മേലുള്ള ജി.എസ്.ടിയും കുറവ് ചെയ്ത് സെക്രട്ടറിയുടെ ട്രഷറി തനത്ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിരിക്കുകയാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.59827/എഫ്.എം./07 ത.സ്വ.ഭ.വ/ 30-10-17 അനുസരിച്ച് ഏത് ഫണ്ടിൽ നിന്നാണോ ടാറിംഗ് പ്രവൃത്തികൾക്കായി തുക ചെലവഴിച്ചിട്ടുള്ളത് പ്രസ്തുത ഫണ്ടിലേക്ക് ബാരൽ വില ക്രഡിറ്റ് ചെയ്യുകയാണ് ചെയ്യേണ്ടത്. എന്നാൽ തനത് ഫണ്ട് അക്കൗണ്ടിൽ നില നിർത്തിയിട്ടുള്ള ബാരൽ വില കൺസോളിഡേറ്റഡ് ഫണ്ടിലേക്കും ജി.എസ്.ടി ചരക്ക് സേവന നികുതി വകുപ്പിലേക്കും നാളിതുവരെ ഒടുക്ക് വരുത്തിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | ബാരലിന്റെ എണ്ണം | കുറവ് ചെയ്ത ബാരൽ വില | കുറവ് ചെയ്ത ജി.എസ്.ടി |
|---|---|---|---|---|
| 1. | ചരുവിളപ്പടി മലയുടെ തെക്കേതിൽപ്പടി റോഡ് ടാറിംഗ് പുനരുദ്ധാരണം(68/18, 177/19)<br>കരാറുകാരൻ : B.ബാലചന്ദ്രൻ നായർ<br>ഫൈനൽ ബിൽ തുക : 944674<br>ബിൽ നം./ തീയതി : 50/18-19/17-11-18 | 25 | 5950 | 714 |
| 2. | കുരിക്കാട്ട് പടി മോടിപ്പടി ചക്കിയത്ത് പടി റോഡ് ടാറിംഗ് (61/18, 174/19)<br>കരാറുകാരൻ : B.ബാലചന്ദ്രൻ നായർ<br>ഫൈനൽ ബിൽ തുക : 572162<br>ബിൽ നം./ തീയതി : 49/18-19/17-11-18 | 18 | 4284 | 514 |
| 3. | പൊങ്ങലടിക്കാലാ കടമ്പലേത്ത് റോഡ് റീടാറിംഗ് ( 58/19)<br>കരാറുകാരൻ : കുഞ്ഞുമോൻ ഡാനിയേൽ<br>ഫൈനൽ ബിൽ തുക : 1069280<br>ബിൽ നം./ തീയതി : 55/18-19/24-11-18 | 21 | 4998 | 600 |
| 4. | ഒരിപ്പുറം മണവത്ത് പടി റോഡ് റീടാറിംഗ് ( 49/19)<br>കരാറുകാരൻ : അനൂപ്.ജി<br>ഫൈനൽ ബിൽ തുക : 645010<br>ബിൽ നം./ തീയതി : 96/18-19/20-03-19 | 26 | 6188 | 1114 |
| | | | | |

| | | | | |
|---|---|---|---|---|
| 5. | പാലവിള ചന്ത പുലിയം മഠം പോളിടെക്ക്നിക്ക് റോഡ് ഡ് റീടാറിംഗ്( 49/19)<br><br>കരാറുകാരൻ : അനൂപ്.ജി<br><br>ഫൈനൽ ബിൽ തുക : 830209<br><br>ബിൽ നം./ തീയതി : 94/18-19/20-03-19 | 40 | 9520 | 1714 |
| 6. | ആനന്ദപ്പള്ളി ചെന്നായ് കുന്ന് റോഡ് റീടാറിംഗ്( 61/19)<br><br>കരാറുകാരൻ : അനൂപ്.ജി<br><br>ഫൈനൽ ബിൽ തുക : 826780<br><br>ബിൽ നം./ തീയതി : 95/18-19/20-03-19 | 25 | 5950 | 1071 |
| 7. | ഗണപതിപ്പടി തോട്ടനാൽ കരോട്ട് വയൽ ഏലാ റോഡ് ടാറിംഗ്(60/18, 171/19)<br><br>കരാറുകാരൻ : അനൂപ്.ജി<br><br>ഫൈനൽ ബിൽ തുക : 936013<br><br>ബിൽ നം./ തീയതി : 93/18-19/20-03-19 | 9 | 2142 | 386 |
| 8. | പന്തപ്ലാവിളപ്പടി കലവറപ്പടി റോഡ് ടാറിംഗ്(57/18, 172/19)<br><br>കരാറുകാരൻ : V.N.ചന്ദ്രകുമാരകുറുപ്പ്<br><br>ഫൈനൽ ബിൽ തുക : 835040<br><br>ബിൽ നം./ തീയതി : 19/18-19/25-05-18 | 45 | 10710 | 1285 |
| 9. | കുഴിവിളപ്പടി ദേവരു ക്ഷേത്രം മാവര പുഞ്ച റോഡ് റീടാറിംഗ് പുനരുദ്ധാരണം(56/18, 171/19)<br><br>കരാറുകാരൻ : അനൂപ്.ജി<br><br>ഫൈനൽ ബിൽ തുക : 1847015<br><br>ബിൽ നം./ തീയതി : 14/18-19/23-05-18 | 36 | 8568 | 1028 |
| 10. | കുളവള്ളി ദേവരു ക്ഷേത്രം റോഡ് റീടാറിംഗ്(47/17, 155/18)<br><br>കരാറുകാരൻ : സുരേന്ദ്രൻ.ആർ<br><br>ഫൈനൽ ബിൽ തുക : 623726<br><br>ബിൽ നം./ തീയതി : 03/18-19/16-05-18 | 21 | 4998 | 600 |
| 11. | വല്ല്യയ്യത്ത് പടി ഹോളി ക്രോസ് റോഡ് (55/17, 170/18)<br><br>കരാറുകാരൻ : കെ.പുരുഷോത്തമൻ<br><br>ഫൈനൽ ബിൽ തുക : 1922892<br><br>ബിൽ നം./ തീയതി : 24/18-19/14-06-18 | 17 | 4046 | 486 |
| 12. | നെല്ലിമുകൾപടി പന്തപ്ലാവിൽപടി റോഡ് ടാറിംഗ്(86/18)<br><br>കരാറുകാരൻ :പി. കെ.മുരളീധരകുറുപ്പ്<br><br>ഫൈനൽ ബിൽ തുക : 526295<br><br>ബിൽ നം./ തീയതി : 21/18-19/25-05-18 | 35 | 8330 | 1000 |

| | | | | |
|---|---|---|---|---|
| 13. | വരട്ട് ചിറ ചാങ്ങോട്ടുമൂല അമ്പാടിപ്പടി റോഡ് ടാറിംഗ്(53/18, 169/19)<br><br>കരാറുകാരൻ : പി. കെ.മുരളീധരകുറുപ്പ്<br><br>ഫൈനൽ ബിൽ തുക : 496950<br><br>ബിൽ നം./ തീയതി : 14/18-19/23-05-18 | 30 | 7140 | 857 |
| 14. | സഹകരണ സംഘം ഒരിപ്പുറം ക്ഷേത്രം അമ്പാടിപ്പടി ഊളയ്ക്കൽ പടി റീടാറിംഗ് പുനരുദ്ധാരണം(52/18, 168/19)<br><br>കരാറുകാരൻ : അനൂപ്.ജി<br><br>ഫൈനൽ ബിൽ തുക : 1583350<br><br>ബിൽ നം./ തീയതി :15/18-19/23-05-18 | 61 | 14518 | 1742 |
| | ആകെ | 409 | 97342 | 13111 |

ടി 97342/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്കും 13111/- രൂപ ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്കി റിപ്പോർട്ട് ചെയ്യുന്നതിനായി ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(12/02-07-19) ലഭ്യമാക്കിയ മറുപടിയിൽ ടി തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്ക് വരുത്തുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. പ്രസ്തുത തുക ഒടുക്ക് വരുത്തുന്ന മുറയ്ക്ക് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-5 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അർഹമായ ധനസഹായം അനുവദിക്കുന്നില്ല

പഞ്ചായത്ത് പരിധിയിലുള്ള ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല. ഓഡിറ്റ് വർഷം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 2 പ്രോജക്ടുകളിലായി ആകെ 425000 രൂപ വകയിരുത്തി ചെലവഴിച്ചിരുന്നു.

| പ്രോജക്ട് നമ്പർ, പേര് | ഗുണഭോക്താക്കളുടെ എണ്ണം | വകയിരുത്തിയ തുക |
|---|---|---|
| 17/19- ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പഠന സ്കോളർഷിപ്പ് (ജനറൽ) | 33 | 325000 |
| 29/19- ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പഠന സ്കോളർഷിപ്പ് (എസ്.സി.പി) | 13 | 100000 |

03.04.2017-ലെ സ.ഉ.(എം.എസ്) നം. 80/2017/ത.സ്വ.ഭ.വ. നമ്പർ സബ്സിഡി മാർഗരേഖ പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകാമായിരുന്ന തുകയുടെയും നൽകിയ തുകയുടെയും വിവരം ചുവടെ ചേർക്കുന്നു

**മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ**

| അർഹമായ ധനസഹായം (രൂപ) | നൽകിയ പരമാവധി ധനസഹായം (രൂപ) |
|---|---|
| 28500 | 15680 (എസ്.സി.പി)<br><br>14625 (ജനറൽ) |

കൂടാതെ സ്കൂളുകളിലോ ഡേകെയർ സെന്ററുകളിലോ പോകാത്ത മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പ്രതിമാസം 1000 രൂപ വീതം നൽകാം. എന്നാൽ മതിയായ തുക വകയിരുത്താതിരുന്നതിലൂടെ ഇവർക്ക് അർഹമായ ധനസഹായം നിഷേധിക്കുകയാണ് പഞ്ചായത്ത് ചെയ്തിട്ടുള്ളത്.

അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി നൽകാൻ അതത് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും പ്രത്യേകം ശ്രദ്ധിക്കേണ്ടതും സാമൂഹ്യസുരക്ഷാ മിഷന്റെ കൈവശമുള്ള ഇത്തരം വിഭാഗക്കാരായ കുട്ടികളുടെ വിവരങ്ങൾ ഐ.സി.ഡി.എസ്./ സി.ഡി.പി.ഒ. മുഖേന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കൈമാറേണ്ടതും മതിയായ തുക മാറ്റി വയ്ക്കുന്നുവെന്ന് ഐ.സി.ഡി.എസ്./ സി.ഡി.പി.ഒ.മാർ ഉറപ്പു വരുത്തേണ്ടതുമാണെന്ന് 25.01.2019-ലെ ഡി.എ. 1/19/2019/ ത.സ്വ.ഭ.വ. നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. സ്കോളർഷിപ്പ് നൽകാൻ മതിയായ തുക വകയിരുത്തുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-6 ആശ്രയ പദ്ധതി അക്കൗണ്ടിൽ 35 ലക്ഷം രൂപ അവശേഷിക്കുന്നു

ആശ്രയ പദ്ധതി അക്കൗണ്ടിൽ 31.03.2019-ലെ കണക്കുകൾ പ്രകാരം 35 ലക്ഷം രൂപ നിഷ്ക്രിയമായിക്കിടക്കുന്നു. നിലവിലുള്ള 1, 2 ഘട്ടം പദ്ധതിക്കായി ആകെ 88,06,059.75 രൂപ വരവായി ലഭിച്ചിരുന്നു. അതിൽ 5222885 രൂപ (31.03.2019 വരെ) മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. അംഗീകരിച്ച ആക്ഷൻ പ്ലാൻ അനുസരിച്ച് 60 ഗുണഭോക്താക്കളുള്ള 1-ാം ഘട്ടം(റീവിസിറ്റ്) 2013-ലും 75 ഗുണഭോക്താക്കളുള്ള 2-ാം ഘട്ടം 2016-ലും പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ നാളിതുവരെ 59 % മാത്രമാണ് ചെലവ്. പദ്ധതിയുടെ മോണിറ്ററിംഗിൽ വന്ന വീഴ്ചയാണിതിന് കാരണമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

പദ്ധതി പ്രവർത്തനം സംബന്ധിച്ചുള്ള അന്വേഷണത്തിന് 2019-20 വർഷം 4 വീടുകൾക്ക് കരാർ വയ്ക്കാനുള്ള പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞതായി മറുപടി ലഭിച്ചിട്ടുണ്ട്. കൂടാതെ 20 പേർക്ക് ഭവനപുനരുദ്ധാരണത്തിനും 24 പേർക്ക് ടോയ്‌ലറ്റ് നൽകുന്നതിനും മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനും കഴിയുമെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനം യഥാസമയം മോണിട്ടർ ചെയ്ത് പൂർത്തീകരിക്കാൻ അധികാരികളുടെ പ്രത്യേകിച്ച് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 KMSCL ൽ നിന്നും 4.29 ലക്ഷം രൂപയുടെ മരുന്നും ഉപകരണങ്ങളും ലഭ്യമാക്കാൻ അവശേഷിക്കുന്നു.

2018-19 ൽ നടപ്പാക്കിയ രണ്ട് പദ്ധതികളിലൂടെ 983766 രൂപ KMSCL നു മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനു വിവിധ ബില്ലുകളിലൂടെ നൽകിയിട്ടുണ്ട്. എന്നാൽ KMSCL വളരെ കുറച്ചു ഉപകരണങ്ങളും മരുന്നുകളും മാത്രമാണ് PHC യ്ക്കു ലഭ്യമാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | KMSCL നു നൽകിയ തുക | ബിൽ നം/ തീയതി | ലഭ്യമായ മരുന്നുകൾ/ ഉപകരണങ്ങൾ (തുക) | അവശേഷിക്കുന്ന മരുന്നുകൾ/ ഉപകരണങ്ങൾ (തുക) |
|---|---|---|---|---|
| 2/18-19 | 1,18,832 | 90756/12.10.18 | 47371 | 71461 |
| 2/18-19 | 3,73,760 | 76635/27.09.18 | 40752 | 333008 |
| 15/18-19 | 1,50,000 | 67119/29.08.18 | 124658 | 25342 |
| **ആകെ** | **642592** | | **212781** | **429811** |

₹1,18,832 രൂപ KMSCL നു നൽകിയത് ഉപകരണങ്ങൾ വാങ്ങുന്നതിനായിരുന്നു.ഇവയിൽ താഴെ പറയുന്ന ഉപകരണങ്ങൾ ഇനിയും ലഭ്യമായിട്ടില്ലായെന്ന് ഓഡിറ്റ് എൻക്വയറിയ്ക്കു മറുപടിയായി (നം:11/2019 തീയതി: 28.06.2019) മെഡിക്കൽ ഓഫീസർ അറിയിച്ചു.

| ക്രമ നം | ഇനം | എണ്ണം |
|---|---|---|
| 1 | എയർ ബെഡ് | 13 |
| 2 | വീൽ ചെയർ | 5 |
| | | |

| | | |
|---|---|---|
| 3 | ക്രച്ചസ് | 2 |
| 4 | അണ്ടർ പാഡ് | 800 |

ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക ക്ഷണിക്കുന്നു.മരുന്നും ഉപകരണങ്ങളും ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 214584 | ലൈഫ് ഭവന നിർമ്മാണം ,23/18-19 | 214584 | 0 |
| | 388267 | ലൈഫ് ഭവന നിർമ്മാണം (SCP),24/18-19 | 388267 | 0 |
| | 600000 | 57-ാം നമ്പർ അങ്കണവാടി പൂർത്തീകരണവും ചുറ്റമതിൽ നിർമ്മാണവും 212/18-19 | 600000 | 0 |
| | 17094 | അങ്കണവാടി കെട്ടിട നിർമ്മാണം 190/18-19 | 17094 | 0 |
| | 100000 | അങ്കണവാടി പൂരക പോഷകാഹാര പദ്ധതി<br>7/18-19 | 100000 | 0 |
| | 900000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് 37/19 | 900000 | 0 |
| | 300000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ്- 40/19 | 248000 | 52000 |
| | 250000 | അങ്കണവാടി പോഷഹാകാര പദ്ധതി 8/18-19 | 0 | 250000 |
| | 100000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്,17/18-19 | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്. | 212500 | നെൽകൃഷി വികസനം,42/18-19 | 212500 | 0 |
| | 404000 | ലൈഫ് ഭവനപദ്ധതി, 23/18-19 | 404000 | 0 |
| | 75000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്, 7/18-19 | 75000 | 0 |
| | 10000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ്,37/19 | 10000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 (i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

ഇല്ല

(ii) വായ്പ തിരിച്ചടവിന്റെ വിവരം

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2012-13 | 2012-13 | 2012-13 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ രജിസ്ട്രേഷൻ ലേബർ ബഡ്ജറ്റും നിർവ്വഹണം നടത്തിയ പ്രവൃത്തി എന്നിവയിലെ വ്യത്യാസം | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2013-14 | 2013-14 | പേജ് 101 | തട്ടയിൽ ഗവ.എൽ.പി. സ്കൂളിലെ ചുറ്റുമതിൽ 2010-11 വർഷത്തിൽ എസ്.എസ്.എ ഉപയോഗിച്ച് 47480/- രൂപ ചെലവഴിച്ച് പൂർത്തിയാക്കിയെങ്കിലും 2010നവംബറിലെ കനത്ത മഴയിൽ മതിൽ ഇടിഞ്ഞു വീണത് നാളിതുവരെ പുനർനിർമ്മിച്ചിട്ടില്ല. | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2013-14 | 2013-14 | പേജ് 128 | 2011-12, 2012-13 സാമ്പത്തിക വർഷത്തിൽ എസ്.എസ്.എ യ്ക്ക് നല്കിയ ഫണ്ടുപോലും ചെലവഴിക്കുന്നതിന് എസ്.എസ്.എ-യ്ക്ക് കഴിയുന്നില്ല. | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുൻബാക്കി ഉൾപ്പെടെ) | 103120294 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 85826091 |
| | |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഇല്ല

**സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോര്ട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| **വർഷം** | **ഓഡിറ്റ് റിപ്പോർട്ട് നം., തീയതി** | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1998-99 | എൽ. എഫ് പി റ്റി എ പി2/730/01 തീയതി 11.12.02 | 4 |
| 1999-00 (ചെലവ്) | എൽ. എഫ് പി റ്റി എ പി2/729/01തീയതി. 25.09.02 | 2 |
| 2000-01 | എൽ. എഫ് പി റ്റി എ പി4/254/06 തീയതി. 07.11.07 | |
| 2002-03 | എൽ. എഫ് പി റ്റി എ പി4/233/07 തീയതി 11.04.07 | 7 |
| 2003-04 | എൽ. എഫ് പി റ്റി എ പി7/39(A)09 തീയതി 26.07.10 | 9 |
| 2004-05 | എൽ. എഫ് പി റ്റി എ പി7/39(B)09 തീയതി 22.11.11 | 9 |
| 2005-06 | എൽ. എഫ് പി റ്റി എ പി4/761/10 തീയതി 28.11.11 | 9 |
| 2006-07 | എൽ. എഫ് പി റ്റി എ | 32 |

| | | |
|---|---|---|
| | പി5/334/11തീയതി 14.09.12 | |
| 2007-08 to 2010-11 | എൽ. എഫ് പി റ്റി എ പി5/1111/12 തീയതി 06.06.13 | 3 |
| 2011-12 & 2012-13 | എൽ. എഫ് പി റ്റി എ പി11/150/04/14 തീയതി 10.11.14 | 29 |
| 2013-14 | എൽ. എഫ് പി റ്റി എ പി11/454/15 lതീയതി 25.07.15 | 21 |
| **2014-15** | **കെ.എസ്.എ. പി റ്റി എ പി11/853/16 lതീയതി 27.07.16** | **14** |
| 2015-16 | **കെ.എസ്.എ.** പി റ്റി എ പി11/1385/16തീയതി 10.01.2017 | 23 |
| 2016-17 | **കെ.എസ്.എ.**പി റ്റി എ പി11/761/17തീയതി 07.07.2017 | 28 |
| 2017-18 | **കെ.എസ്.എ.**പി റ്റി എ പി11/1360/18തീയതി 25.10.2018 | 32 |

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**പത്തനംതിട്ട**

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.പി.റ്റി.എ.പി11/605/2019 തീ:25.07.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ **പന്തളം-തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ** 2018-19വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പന്തളം-തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

# ANNEXURE-1 AUDIT CERTIFICATE

No.KSA.PTA.P.11/605/2019 Dated:25.07.2019

Certified that I have examined the Annual Financial Statement of **Pandalam Thekkekkara Grama Panchayat** in Pathanamthitta District for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Pandalam Thekkekkara Grama Panchayat** for the year 2018-19 except the obeservations in my report properly presents the picture of income and expenditure.

**Deputy Director**

**Kerala State Audit Department**

**Pathanamthitta**